# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 210     11.06.2012 -ൽ മറുപടിയ്ക്ക്

## ടി.പി ചന്ദ്രശേഖരൻ വധം- അന്വേഷണത്തിന്റെ വിശദാംശങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ എ. കെ. ബാലൻ :<br>ശ്രീമതി കെ.കെ. ലതിക :<br>ശ്രീ ജെയിംസ് മാത്യു : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |

എ) ടി. പി. ചന്ദ്രശേഖരൻ വധിക്കപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; ഈ സംഘം വടകരയിൽ ഒരു പ്രത്യേക കേന്ദ്രത്തിലാണോ പ്രവർത്തിക്കുന്നത് ; കസ്റ്റഡിയിലെടുക്കുന്നവരെ ചോദ്യം ചെയ്യുന്നത് പ്രസ്തുത കേന്ദ്രത്തിലാണോ ; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. കേസ് അന്വേഷിക്കുന്ന പ്രത്യക അന്വേഷണ സംഘത്തിലെ അംഗങ്ങൾ താഴെപ്പറയുന്ന വരാണ്.

1. Shri Vinson M Paul, IPS, ADGP (Crimes)
2. Shri Anup Kuruvila John, IPS, AIG, PHQ.
3. Shri K.V. Santhosh, DYSP, CBCID, Kannur (I/O)
4. Shri A. P. Shoukath Ali, DYSP, Thalassery
5. Shri Jossy Cheriyan, DYSP, Vadakara
6. Shri Benny, CI, Kuttiyadi

ടീമിൽ Shri M.J. Sojan, DYSP, CBCID, Shri S. Sasidharan, DYSP, District SB, Palakkad എന്നിവരെക്കൂടി ഉൾപ്പെടുത്തി യിട്ടുണ്ട്.വടകര ഡി.വൈ.എസ്.പി. ഓഫീസിലും കോഴിക്കോട് റൂറൽ എസ്.പി. യുടെ ഓഫീസിലും വേണ്ടത്ര സൗകര്യമില്ലാത്ത തിനാൽ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിനടുത്തുള്ള ഒരു വാടക കെട്ടിടത്തിലാണ് പ്രത്യേക അന്വേഷണ സംഘം പ്രവർത്തിച്ചു വരുന്നത്. കേസുമായി ബന്ധപ്പെട്ടവരെ പ്രത്യേക അന്വേഷണ സംഘത്തിന്റ ഓഫീസിലും വടകര പോലീസ് സ്റ്റേഷൻ, വടകര ഡി.വൈ.എസ്.പി. ഓഫീസ്, മറ്റ് പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വച്ചും ചോദ്യം ചെയ്യാറുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത സംഭവത്തിലെ കൊലയാളികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരിൽ ആരെയെങ്കിലും ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ ; കൊല നടത്തിയ സംഘത്തിൽ എത്ര പേർ ഉണ്ടെന്നാണ് പോലീസ് കണ്ടെത്തിയത് ; പിടികിട്ടാത്തവരെക്കുറിച്ച് എന്തെങ്കിലും സൂചനകൾ ലഭ്യമായിട്ടുണ്ടോ; | (ബി) ടി കേസിൽ 27 ഓളം പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിൽ 17 പേരെ 05.06.2012 വരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പിടികൂടാനുള്ളവരെ കുറിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിൽ ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| സി) അന്വേഷണ പുരോഗതിയും അറസ്റ്റ് ചെയ്യപ്പെട്ട വരുടെ മൊഴികളും അതാത് സമയം പത്ര ദൃശ്യ മാധ്യമങ്ങൾക്ക് അന്വേഷണ സംഘം വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടോ ; | (സി) പ്രത്യേക അന്വേഷണ സംഘം പത്ര ദൃശ്യ മാധ്യമങ്ങൾക്ക് വിവരങ്ങൾ വെളിപ്പെടുത്തി കൊടുത്തിട്ടില്ല. |
| ഡി) അന്വേഷണ സംഘം വെളിപ്പെടുത്തിയതെന്ന നിലയിൽ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച അറസ്റ്റ് ചെയ്യപ്പെട്ടവരുടെ മൊഴികളും അന്വേഷണ വിവരങ്ങളും അന്വേഷണ സംഘത്തിന്റെ അറിവോടു കൂടിയതാണോ എന്ന് വ്യക്തമാക്കുമോ ; | ഡി) ബാധകമല്ല. |
| ഇ) സംഭവത്തിനുത്തരവാദികൾ ആരെല്ലാമാണ് എന്ന നിലയിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ പ്രസ്താവനകൾ അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ